# മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ആശങ്ക അടുത്ത വർഷത്തോടെ ഇല്ലാതാക്കും: അടൂർ പ്രകാശ്



നിർമലാ നഴ്സിങ് കോളജിന്റെ ഉദ്ഘാടനം മന്ത്രി അടൂർ പ്രകാശ് നിർവഹിക്കുന്നു. സിസ്റ്റർ മെർലി, സിസ്റ്റർ ജോവിയറ്റ്, ജോണി നെല്ലൂർ, ജോസഫ് വാഴക്കൻ എംഎൽഎ, യു.ആർ. ബാബു എന്നിവർ സമീപം.

മൂവാറ്റുപുഴ: സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കുമുള്ള ആശങ്കകളും, സംശയങ്ങളും, അടുത്ത വർഷത്തോടെ പൂർണമായും ഇല്ലാതാകുമെന്ന് ആരോഗ്യമന്ത്രി അടൂർപ്രകാശ് പറഞ്ഞു. ബിഎസ്സി നഴ്സിങ് വിദ്യാർഥികൾക്കു പീഡനമാകുന്ന ഇന്റേൺഷിപ് ഇല്ലാതാക്കാനുള്ള ഉത്തരവു കാലവിളംബം കൂടാതെ പുറത്തിറക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നിർമലാ മെഡിക്കൽ സെന്ററിനോടു ചേർന്നുള്ള നഴ്സിങ് കോളജിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന അനിശ്ചിതത്വം മൂലം ഈ മേഖലയിൽ പഠനം ആഗ്രഹിക്കുന്നവർ അന്യസംസ്ഥാനത്തെ കോളജുകളെ ആശ്രയിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തു നിന്നു കോടിക്കണക്കിനു രൂപയാണു പുറത്തേക്കൊഴുകുന്നത്. ഇതിനു മാറ്റമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

കോതമംഗലം രൂപതാ വികാരി ജനറൽ മോൺ. തോമസ് മലേക്കുടി അധ്യക്ഷനായി. നഴ്സിങ് കോളജിന്റെ വെബ്സൈറ്റ് ജോസഫ് വാഴയ്ക്കൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർമാൻ യു.ആർ. ബാബു, മുൻ എംഎൽഎ ജോണി നെല്ലൂർ, മൂവാറ്റുപുഴ ഹോളിമാഗി പള്ളി വികാരി ഫാ. ജോൺ ആനിക്കോട്ടിൽ, ഹെൽത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.എൻ. സന്തോഷ്, നിർമലാ മെഡിക്കൽ സെന്റർ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ജോവിയറ്റ്, ഡയറക്ടർ സിസ്റ്റർ നിസി, കോളജ് പ്രിൻസിപ്പൽ സിസ്റ്റർ മെർലി പ്രസംഗിച്ചു.